# കോടോം ബേളൂർ ഗ്രാമപഞ്ചായത്ത്
## കാസർഗോഡ് ജില്ല

# പൗരാവകാശ രേഖ
# 2026



ഞങ്ങളുടെ സ്ഥാപനത്തിലെ ഏറ്റവും പ്രധാനപ്പെട്ട സന്ദർശകൻ ഉപഭോക്താവാണ്. അവർ ഞങ്ങളെ ആശ്രയിക്കുകയല്ല, അവരെ ഞങ്ങൾ ആശ്രയിക്കുകയാണ്. ഞങ്ങളുടെ ജോലിക്ക് അവർ ഒരു തടസ്സമല്ല, ഞങ്ങളുടെ ലക്ഷ്യം തന്നെ അവരാണ്. ഞങ്ങളുടെ പ്രവർത്തനത്തിൽ അവർ പുറത്തു നിന്നുള്ള ആളല്ല. അവർ ഞങ്ങളുടെ പ്രവർത്തനത്തിന്റെ ഭാഗമാണ്. ഞങ്ങൾ അവരെ സേവിക്കുക വഴി അവരോട് ഒരു സൗമനസ്യവും കാട്ടുന്നില്ല. സേവിക്കാൻ അവസരം തരുന്നതുവഴി അവർ ഞങ്ങളോടാണ് സൗമനസ്യം കാട്ടുന്നത്.

കർത്തവ്യം അന്തർലീനമായിട്ടില്ലാത്ത
യാതൊരവകാശവും ഈ ലോകത്തിലില്ല.

**- മോഹൻദാസ് കരംചന്ദ് ഗാന്ധി.**

കോടോം ബേളൂർ ഗ്രാമ പഞ്ചായത്തിലെ സേവനങ്ങൾ
ലഭ്യമാക്കുന്നതിനും അപേക്ഷകൾ
സമർപ്പിക്കുന്നതിനും
https://ksmart.lsgkerala.gov.in/
എന്ന പോർട്ടൽ ഉപയോഗിക്കാവുന്നതാണ്.
QR കോഡ് സ്കാൻ ചെയ്തും വെബ്സൈറ്റിൽ
പ്രവേശിക്കാവുന്നതാണ്.

കെ-സ്മാർട്ടിലൂടെ എങ്ങനെ അപേക്ഷകൾ
ലഭ്യമാക്കാം എന്നത് അറിയുന്നതിലേക്കായി
https://www.youtube.com/@ikmlsgkerala/videos
എന്ന പോർട്ടൽ ഉപയോഗിക്കാവുന്നതാണ്.
QR കോഡ് സ്കാൻ ചെയ്തും വെബ്സൈറ്റിൽ
പ്രവേശിക്കാവുന്നതാണ്.

കോടോം ബേളൂർ ഗ്രാമ പഞ്ചായത്തിന്റെ
വെബ്സൈറ്റ് സന്ദർശിക്കുന്നതിന്
https://kodombelurpanchayat.lsgkerala.gov.in/
എന്ന ലിങ്ക് ഉപയോഗിക്കാവുന്നതാണ്. QR
കോഡ് സ്കാൻ ചെയ്തും വെബ്സൈറ്റിൽ
പ്രവേശിക്കാവുന്നതാണ്.

## ഉള്ളടക്കം


1. പ്രസിഡണ്ടിന്റെ ആമുഖം
2. പ്രസ്താവന
3. പൊതുവിവരങ്ങൾ ........ 7
4. ജനപ്രതിനിധികൾ ........ 8
5. സെക്രട്ടറിയും ജീവനക്കാരും നിർവ്വഹണ ഉദ്യോഗസ്ഥരും ........ 9
6. ഗ്രാമപഞ്ചായത്തിന്റെ അധികാരങ്ങളും ചുമതലകളും ........ 11,12
7. ഗ്രാമസഭ ........ 26
8. ജനപ്രതിനിധികളുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും ........ 27
9. പൗരധർമ്മം ........ 33
10. വിവരാവകാശ നിയമം ........ 35
11. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്പേഴ്സൺ ........ 37
12. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണൽ ........ 41
13. പഞ്ചായത്തിൽ നിന്ന് ലഭിക്കുന്ന സേവനങ്ങൾ ........ 45
14. ഉപസംഹാരം ........ 59



# കോടോം ബേളൂർ ഗ്രാമപഞ്ചായത്ത്

# സമഗ്ര പൗരാവകാശ രേഖ

## ആമുഖം

ജനങ്ങളോട് ഏറ്റവും അടുത്തു നിൽക്കുന്ന പ്രാദേശിക സർക്കാരാണ് ഗ്രാമ പഞ്ചായത്തുകൾ. തെരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തും പൊതുജനങ്ങളും തമ്മിലുള്ള പരസ്പര വിശ്വാസവും സഹകരണവും വർദ്ധിപ്പിക്കുന്നതിനുള്ള ശക്തമായ ഒരു മാർഗരേഖയാണ് പൗരാവകാശരേഖ. സേവനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്ന തോടൊപ്പം ഉദ്യോഗസ്ഥൻമാരുടെ ജനാധിപത്യപരമായ ഉത്തരവാദിത്വം വർദ്ധിപ്പിക്കുവാനും പൗരാവകാശരേഖ സഹായിക്കുന്നു. കോടോം ബേളൂർ ഗ്രാമപഞ്ചായത്ത് ഇവിടത്തെ ജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾ, ഓരോ സേവനങ്ങൾ ലഭിക്കുന്നതിന് സമർപ്പിക്കേണ്ട രേഖകൾ, നടപടി ക്രമങ്ങൾ, ഫീസുകൾ, ഓരോ സേവനത്തിനും ആവശ്യമായ സമയം എന്നിവ പൗരാവകാശ രേഖയിൽ വ്യക്തമാക്കുന്നു. കൂടാതെ നിശ്ചിത സമയ പരിധിക്കുള്ളിൽ സേവനം ലഭിച്ചില്ലെങ്കിൽ പരാതി നൽകേണ്ട ഉദ്യോഗസ്ഥരെക്കുറിച്ചുള്ള വിവരങ്ങൾ എന്നിവ യും പൗരാവകാശ രേഖയിൽ സൂചിപ്പിക്കുന്നു.

പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 272 (എ) വകുപ്പ് പ്രകാരം തയ്യാറാക്കിയ പൗരാവകാശ രേഖ ജനങ്ങളാണ് ജനാധിപത്യത്തിലെ യഥാർത്ഥ യജമാനൻമാർ എന്ന തത്വം അംഗീകരിച്ച് ഈ രേഖ ജനങ്ങൾക്കു മുമ്പിൽ സസന്തോഷം സമർപ്പിക്കുന്നു.

അട്ടേങ്ങാനം,
01-09-2026.

എന്ന്,
ടി.വി. ജയചന്ദ്രൻ
പ്രസിഡണ്ട്,
കോടോം ബേളൂർ ഗ്രാമപഞ്ചായത്ത്

# പ്രസ്താവന

കേരള പഞ്ചായത്ത് രാജ് നിയമം 272 എ വകുപ്പ് പ്രകാരം പ്രസിദ്ധീകരിച്ചിരിക്കുന്ന പൗരാവകാശരേഖയിൽ വിവരിച്ചിരിക്കുന്ന സേവനങ്ങൾ അതാതിന് നേരെ കാണിച്ചിരിക്കുന്ന സമയപരിധിക്കുള്ളിൽ പൗരർക്ക് നൽകുവാൻ പഞ്ചായത്ത് ബാധ്യസ്ഥമാണ്. സേവനാവകാശ നിയമപ്രകാരം ഗ്രാമപഞ്ചായത്ത് അംഗീകരിച്ച് പ്രഖ്യാപിച്ച സേവനങ്ങൾ പ്രഖ്യാപനത്തിലെ കാലയളവിനുള്ളിൽ ജനങ്ങൾക്ക് നൽകുന്നതാണ്.

ഏതെങ്കിലും പൗരർക്ക് ഈ രേഖയിൽ കാണിച്ച പ്രകാരം നിശ്ചിത സമയപരിധിക്കകം സേവനം ലഭ്യമാകാത്ത പക്ഷം പ്രസിഡണ്ടിനോ, സെക്രട്ടറിക്കോ നേരിട്ടോ, ഫോൺ വഴിയോ, കത്തു വഴിയോ പരാതി ബോധിപ്പിക്കാവുന്നതാണ്. പരാതികളിന്മേൽ ഉടൻ നടപടി സ്വീകരിക്കുന്നതും പരിഹാരം കാണുന്നതും ആ വിവരം ബന്ധപ്പെട്ട വ്യക്തിയെ അറിയിക്കുന്നതുമാണ്. ജനങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഓംബുഡ്സ്മാൻ, ട്രൈബ്യൂണൽ, അറിയാനുള്ള അവകാശ നിയമപ്രകാരം നിയോഗിക്കപ്പെട്ടിട്ടുള്ള അധികാരികൾ എന്നിവർക്ക് പരാതി നൽകാവുന്നതാണ്.

പരാതികൾ ഒഴിവാക്കി ജനങ്ങൾക്കെല്ലാവർക്കും മെച്ചപ്പെട്ട പൗരസേവനം ഏറ്റവും എളുപ്പത്തിൽ ഏറ്റവും കുറഞ്ഞ സമയത്തിൽ എത്തിക്കുക എന്ന ലക്ഷ്യമാണ് ഈ രേഖ പ്രസിദ്ധീകരിക്കുന്നതിനുള്ളത്. ഈ രേഖ, ഭരണസ്ഥാപനവും സേവനാവകാശിയും തമ്മിൽ സേവന ലഭ്യത ഉറപ്പാക്കുന്നതിനുള്ള പ്രഖ്യാപിത ഉടമ്പടിയായി കണ്ട് ഇത് നടപ്പാക്കുന്നതിനുള്ള ഉത്തരവാദിത്വം കോടോം ബേളൂർ ഗ്രാമപഞ്ചായത്ത് പ്രഖ്യാപിക്കുന്നു.

അട്ടേങ്ങാനം
01.09.2026

**പ്രസിഡണ്ട്/സെക്രട്ടറി,**
കോടോം ബേളൂർ ഗ്രാമപഞ്ചായത്ത്.

# കോടോം ബേളൂർ ഗ്രാമപഞ്ചായത്ത്

## പൊതു വിവരം

| | |
|---|---|
| ആസ്ഥാനം | : അട്ടേങ്ങാനം |
| ബ്ലോക്ക് | : പരപ്പ |
| താലൂക്ക് | : വെള്ളരിക്കുണ്ട് |
| ജില്ല | : കാസറഗോഡ് |
| അസംബ്ലി നിയോജക മണ്ഡലം | : കാഞ്ഞങ്ങാട് |
| പാർലമെന്റ് നിയോജക മണ്ഡലം | : കാസറഗോഡ് |
| റവന്യൂ വില്ലേജുകൾ | : തായന്നൂർ,ബേളൂർ ,കോടോം , പരപ്പ |
| വിസ്തീർണ്ണം | : 95.44 ച.കി.മീ |
| ആകെ വാർഡുകൾ | : 21 |
| വനിതാ സംവരണം | : 10 |
| പട്ടികവർഗ്ഗ സംവരണം | : 2 |
| പട്ടിക വർഗ്ഗ വനിതാ സംവരണം | : 2 |

ആകെ ജനസംഖ്യ : 33211

പുരുഷന്മാർ : 15915

സ്ത്രീകൾ : 17296

പട്ടികജാതി : 191

പുരുഷന്മാർ : 91

സ്ത്രീകൾ : 100

പട്ടികവർഗ്ഗം : 6480

പുരുഷന്മാർ : 3069

സ്ത്രീകൾ : 3411

<u>അതിരുകൾ</u>

വടക്ക് : ചന്ദ്രഗിരി പുഴ, പുല്ലൂർ പെരിയ ഗ്രാമപഞ്ചായത്ത്

തെക്ക് : കിനാന്നൂർ കരിന്തളം ഗ്രാമപഞ്ചായത്ത്

കിഴക്ക് : കള്ളാർ , ബളാൽ ഗ്രാമപഞ്ചായത്ത്

പടിഞ്ഞാറ് : പുല്ലൂർ പെരിയ ഗ്രാമപഞ്ചായത്ത് , മടിക്കൈ ഗ്രാമപഞ്ചായത്ത്

## ഗ്രാമപഞ്ചായത്ത് ഭരണസമിതി

| | |
|---|---|
| 1. ശ്രീ ജയചന്ദ്രൻ ടി വി | : പ്രസിഡന്റ് |
| 2. ശ്രീമതി വന്ദന ടി പി | : വൈസ് പ്രസിഡന്റ് |
| 3. ശ്രീ സുരേശന് എം | : വികസന കാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാന് |
| 4 .ശ്രീ ഭൂപേഷ് കെ | : ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻഡിംഗ്കമ്മറ്റി ചെയർമാന് |
| 5. ശ്രീമതി സന്ധ്യ പി സി | : ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സണ് |
| 6. ശ്രീ അജീഷ് പി എൻ | : മെമ്പർ (വാർഡ് 2) |
| 7. ശ്രീ പ്രദീപ് കെ | : മെമ്പർ (വാർഡ് 3) |
| 8. ശ്രീമതി ആൻസി ജോസഫ് | : മെമ്പർ (വാർഡ് 4 ) |
| 9. ശ്രീ ഗോപാലകൃഷ്ണൻ പി | : മെമ്പർ (വാർഡ് 5) |
| 10. ശ്രീമതി സുജി രാജൻ | :മെമ്പർ (വാർഡ് 6) |
| 11. ശ്രീമതി ജോളി ജോസഫ് | : മെമ്പർ (വാർഡ് 7) |
| 12. ശ്രീമതി ലതിക ടി വി | : മെമ്പർ (വാർഡ് 8) |
| 13. ശ്രീമതി അജിത ബി | : മെമ്പർ (വാർഡ് 9) |
| 14.ശ്രീ ഫറൂഖ് ടി പി | : മെമ്പർ (വാർഡ് 11) |
| 15. ശ്രീമതി ലത | : മെമ്പർ (വാർഡ് 13) |
| 16. ശ്രീമതി അശ്വനി പി | : മെമ്പർ (വാർഡ് 14) |
| 17. ശ്രീമതി സജിത | : മെമ്പർ (വാർഡ് 15) |
| 18. ശ്രീ രാജൻ എ | : മെമ്പർ (വാർഡ് 16) |
| 19. ശ്രീ ശ്രീജിത്ത് കെ വി | : മെമ്പർ (വാർഡ് 17) |
| 20. ശ്രീമതി സുമിത്ര എച്ച് | :മെമ്പർ (വാർഡ് 19) |
| 21. ശ്രീ ടി കൃഷ്ണൻ | :മെമ്പർ (വാർഡ് 20) |

## കോടോം -ബേളൂർ ഗ്രാമപഞ്ചായത്ത് വാർഡുകൾ

1. എരുമക്കുളം
2. കോടോം
3. അയറോട്ട്
4. ചുള്ളിക്കര
5. ചക്കിട്ടടുക്കം
6. ബേളൂർ
7. എണ്ണപ്പാറ
8. അട്ടക്കണ്ടം
9. ബാനം
10. ആനപ്പെട്ടി
11. കാലിച്ചാനടുക്കം
12. മയ്യങ്ങാനം
13. ആലത്തടി
14. തായന്നൂർ
15. പേരിയ
16. അയ്യങ്കാവ്
17. പറക്കളായി
18. ആനക്കല്ല്
19. ലാലൂർ
20. വയമ്പ്
21. പൊടവട്ടക്കം

## പരപ്പ ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ

ശ്രീ പി ഗംഗാധരൻ : ബേളൂർ ഡിവിഷൻ

ശ്രീ സിനു കുര്യാക്കോസ് : കോടോം ഡിവിഷൻ

ശ്രീമതി ദീപ ടി കെ : കാലിച്ചാനടുക്കം ഡിവിഷൻ

## കാസർഗോഡ് ജില്ലാ പഞ്ചായത്ത് അംഗങ്ങൾ

ശ്രീമതി റീന തോമസ് : കള്ളാർ ഡിവിഷന്

# കോടോം ബേളൂർ ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥർ

| ക്രമ നം. | തസ്തിക | പേര് | |
|---|---|---|---|
| 1 | സെക്രട്ടറി | മൈക്കിൾ കെ എഫ് | 9747572610 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | കുഞ്ഞിക്കണ്ണൻ വരയിൽ | 9744033403 |
| 3 | ഹെഡ് ക്ലാർക്ക് | രാജേഷ് സി | 9946909252 |
| 4 | അക്കൌണ്ടന്റ് | ബൈഷാദ് എസ് | 6282881442 |
| 5 | സീനിയർ ക്ലർക്ക് | ജോജോ തോമസ് | 8921351168 |
| 6 | സീനിയർ ക്ലർക്ക് | നിഷ എം പി | 9037890589 |
| 7 | സീനിയർ ക്ലർക്ക് | സുരേശൻ എം | 9497307203 |
| 8 | സീനിയർ ക്ലർക്ക് | സഞ്ജുലാൽ സി കെ | 9747509685 |
| 9 | ക്ലർക്ക് | രൂപിക പി വി | 8086842467 |
| 10 | ക്ലർക്ക് | സജീഷ് എം | 9947450204 |
| 11 | ക്ലർക്ക് | | |
| 12 | ഓഫീസ് അറ്റൻഡന്റ് | സഞ്ജീവൻ എ | 9400956301 |
| 13 | ഓഫീസ് അറ്റൻഡന്റ് | പ്രവീണ ടി കെ | 9747367282 |
| 14 | ഡ്രൈവർ | അഷറഫ് എം | 9846641157 |
| 15 | പാർട്ട് ടൈം സ്വീപ്പർ | ബാലകൃഷ്ണൻ നീരളി | 9497138791 |
| 16 | ഹെൽത്ത് ഇൻസ്പെക്ടർ | സുമിത്രൻ ഒ വി | 8301033639 |
| 17 | ടെക്നിക്കൽ അസിസ്റ്റന്റ് | രേഷ്മ പി | 9497017608 |
| 18 | പ്രേരക് | ലതിക യാദവ് | 8086808858 |
| 19 | പ്രൊജക്ട് അസിസ്റ്റന്റ് | പ്രിയങ്ക ഇ ടി | 6282932475 |
| 20 | എം ജി എൻ ആർ ഇ ജി എ എഞ്ചിനിയർ | ബിജു കെ | 7306343746 |
| 21 | എം ജി എൻ ആർ ഇ ജി എ ഓവർസിയർ | രമ്യ | 9400116334 |
| 22 | എം ജി എൻ ആർ ഇ ജി എ ഓവർസിയർ | ശ്രീവിദ്യ എം | 8301955293 |
| 23 | എം ജി എൻ ആർ ഇ ജി എ ഡാറ്റാ എൻട്രി ഓപ്പറേറ്റർ | നമിത | 9495638408 |
| 24 | എം ജി എൻ ആർ ഇ ജി എ ഡാറ്റാ എൻട്രി ഓപ്പറേറ്റർ | സുമതി പി എൻ | 9946473913 |
| 25 | എം ജി എൻ ആർ ഇ ജി എ ഡാറ്റാ എൻട്രി ഓപ്പറേറ്റർ | ഉഷ വി വി | 9497447504 |
| 26 | എം ജി എൻ ആർ ഇ ജി എ ഓവർസിയർ | വൈഷ്ണവി | 9188200522 |
| 27 | എം ജി എൻ ആർ ഇ ജി എ ബി എഫ് ടി | ശ്രീന കെ | 8301090752 |

# നിർവ്വഹണ ഉദ്യോഗസ്ഥർ

1. സെക്രട്ടറി

2. അസിസ്റ്റന്റ് സെക്രട്ടറി

3. കൃഷി ഓഫീസർ

4. വെറ്റിനറി സർജ്ജൻ

5. ഡയറി ഫാം ഇൻസ്പെക്ടർ

6. ഐസിഡിഎസ് സൂപ്പർവൈസർ

7. മെഡിക്കൽ ഓഫീസർ ,പി എച്ച് സി എണ്ണപ്പാറ

8. മെഡിക്കൽ ഓഫീസർ, ആയുർവ്വേദ ഡിസ്പെൻസറി ഒടയംചാൽ

9. മെഡിക്കൽ ഓഫീസർ, ഹോമിയോ ബേളൂർ

10. വി ഇ ഒ ബേളൂർ

11. വി ഇ ഒ തായന്നൂർ

12. അസിസ്റ്റന്റ് എഞ്ചിനിയർ

13. ഹെഡ് മാസ്റ്റർ

14. ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ

## കോടോം ബേളൂർ ഗ്രാമപഞ്ചായത്ത് ആസൂത്രണ സമിതി

| ക്രമ നം | പേര് | സ്ഥാനം |
|---|---|---|
| 1 | ജയചന്ദ്രൻ ടി വി (പ്രസിഡന്റ്) | ചെയർമാന് |
| 2 | മൈക്കിൾ കെ.എഫ് (സെക്രട്ടറി) | സെക്രട്ടറി |
| 3 | വന്ദന ടി പി (വൈസ് പ്രസിഡന്റ്) | അംഗം |
| 4 | സുരേശൻ എം (വികസനകാര്യ സ്റ്റാൻഡിംഗ്കമ്മറ്റി ചെയർമാന്) | അംഗം |
| 5 | സന്ധ്യ പി സി (ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സണ്) | അംഗം |
| 6 | ഭൂപേഷ് കെ (ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാന്) | അംഗം |
| 7 | യു ഉണ്ണികൃഷ്ണൻ നായര് | ഉപാധ്യക്ഷൻ |
| 8 | സുധാകരൻ കെ. | റിസോഴ്സ് പേഴ്സൺ |
| 9 | രാമചന്ദ്രൻ മാസ്റ്റര് | അംഗം |
| 10 | ഉഷ പി എൽ | അംഗം |
| 11 | സി കുഞ്ഞിക്കണ്ണൻ | അംഗം |
| 12 | ബാനം കൃഷ്ണൻ | അംഗം |
| 13 | ടി കെ രാമചന്ദ്രൻ | അംഗം |
| 14 | എച്ച് നാഗേഷ് | അംഗം |
| 15 | രജനി കൃഷ്ണൻ | അംഗം |
| 16 | ഗോപി മാസ്റ്റർ | അംഗം |
| 17 | പി അപ്പക്കുഞ്ഞി | അംഗം |
| 18 | വേണുഗോപാലൻ | അംഗം |
| 19 | പി വി ശ്രീലത | അംഗം |
| 20 | കെ ബാലകൃഷ്ണൻ | അംഗം |
| 21 | ബിനോയി ആന്റണി | അംഗം |

# ഗ്രാമപഞ്ചായത്ത് സ്ഥാപനങ്ങൾ

1. കൃഷി ഭവൻ ,അട്ടേങ്ങാനം ,അട്ടേങ്ങാനം പി ഒ

2. ജി.യു.പി.എസ് ബേളൂർ , അട്ടേങ്ങാനം പി ഒ

3. ജി.യു.പി.എസ് പറക്കളായി പറക്കളായി പി ഒ

4. ജി.യു.പി.എസ് പനങ്ങാട് , തായന്നൂർ പി ഒ

5. ജി.യു.പി.എസ് അട്ടക്കണ്ടം ,കാലിച്ചാനടുക്കം പി ഒ

6. ജി ഡബ്യൂ എൽ പി എസ് നായിക്കയം , അട്ടേങ്ങാനം പി ഒ

7. വെറ്റിനറി ഹോസ്പിറ്റൽ , കാലിച്ചാനടുക്കം പി ഒ

8. എഫ് എച്ച് സി എണ്ണപ്പാറ, തായന്നൂർ പി ഒ

9. ഗവ. ഹോമിയോ ഡിസ്പെൻസറി , ബേളൂർ , അട്ടേങ്ങാനം പി ഒ

10. ഗവ. ഹോമിയോ ഡിസ്പെൻസറി കോടോത്ത് , കോടോത്ത് പി ഒ

11. ഗവ. ആയുർവ്വേദ ഡിസ്പെൻസറി ഒടയംചാൽ , പടിമരുത് പി ഒ

12. വി ഇ ഒ ഓഫീസ് ബേളൂർ, അട്ടേങ്ങാനം പി ഒ

13. അസിസ്റ്റന്റ് എഞ്ചിനിയർ , എൽ എസ് ജി ഡി അട്ടേങ്ങാനം

14. വി ഇ ഒ ഓഫീസ് തായന്നൂർ , തായന്നൂർ പി ഒ

# പൊതുസ്ഥാപനങ്ങൾ

1. കൃഷി ഓഫീസ്

2. വില്ലേജ് ഓഫീസുകൾ

3. ഹൈസ്കൂളുകൾ

4. ഹയർസെക്കന്ററി സ്കൂളുകൾ

5. യു പി സ്കൂളുകൾ

6. എൽ പി സ്കൂൾ

7. ടെലിഫോൺ എക്സ്ചേഞ്ച്

8. തപാൽ ഓഫീസ്

9. മൃഗാശുപത്രി

10. അൺ എയ്ഡഡ് സ്കൂളുകൾ

11. ആയുർവ്വേദ മെഡിക്കൽ കോളേജ്

12. എസ് എൻ ഡി പി കോളേജ്

13. ഡോൺ ബോസ്കോ ഐ ടി സി

14. ഉദയപുരം ലേബർ കോൺട്രാക്ടർ സൊസൈറ്റി , ഉദയപുരം

15. ഗ്രാമീണ ബാങ്ക് ശാഖകൾ

16. ഷെഡ്യൂൾ ബാങ്കുകൾ

17. ഹോമിയോ ഡിസ്പെൻസറികൾ

18. ആയുർവ്വേദ ഡിസ്പെൻസറികൾ

19. പ്രൈമറി ഹെൽത്ത് സെന്റർ

20. കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ

21. ഐ സി ഡി പി സബ്സെന്ററുകൾ

22. ഏകാദ്ധ്യാപക വിദ്യാലയങ്ങൾ

23. അങ്കണവാടികൾ

24. സഹകരണ ബാങ്കുകൾ

25. വി ഇ ഒ ഓഫീസ്

26. സഹകരണ പാൽ സൊസൈറ്റികൾ

27. മാർക്കറ്റിംഗ് സൊസൈറ്റികൾ

## കോടോം ബേളൂർ ഗ്രാമപഞ്ചായത്തിലെ അങ്കണവാടി വർക്കർമാരുടെ വിവരങ്ങൾ

| സെന്റർ നമ്പർ | അങ്കണവാടിയുടെ പേര് | വർക്കറുടെ പേര് | ഫോൺ നമ്പർ |
|---|---|---|---|
| 30 | ബാനം | ഹേമലത | 9400560965 |
| 31 | മുണ്ട്യാനം | രാജലക്ഷ്മി | 9744705829 |
| 32 | നമ്പ്യാർകൊച്ചി | സെക്കീന | 9495894852 |
| 33 | കോളിയാർ | ശ്രീജ കെ.എം. | 8547381834 |
| 34 | അട്ടക്കണ്ടം | സുലോചന | 9496147136 |
| 35 | സർക്കാരി | മാധവി | 9745365033 |
| 36 | ആനപ്പെട്ടി | ശ്രീജ കെ.ബി. | 9048914837 |
| 37 | മയ്യങ്ങാനം | ബിന്ദു റ്റി.റ്റി. | 9447730494 |
| 38 | കൂവക്കല്ല് | സുധ സി. | 9745783535 |
| 39 | കാലിച്ചാനടുക്കം | ഇന്ദിര | 9072900397 |
| 40 | ആലത്തടി, മുക്കുട് | ശകുന്തള | 9745775240 |
| 41 | കലയന്തടം | സുമതി എ.എം. | 9048946155 |
| 42 | വളാപ്പാടി | ജ്യോതി | 7356334740 |
| 43 | തൊട്ടിലായി | സരിത | 9995114799 |
| 44 | തായന്നൂർ | മിനി എം. | 9495616892 |
| 45 | മോതിരക്കാട് | ഷൈലജ | 9400286446 |
| 46 | പനങ്ങാട് | ഉഷകുമാരി | 9497854732 |
| 47 | വെണ്ണിക്കുന്ന് | ജയലക്ഷ്മി കെ. | 9496498482 |
| 48 | അയ്യങ്കാവ് | ജിൻസി സെബാസ്റ്റ്യൻ | 9496655168 |
| 49 | കാലിക്കടവ് | വിലാസിനി | 9847216541 |
| 50 | ചേമന്തോട് | വിമല കെ. | 9497881586 |
| 51 | ആനക്കല്ല് | തങ്കമണി | 9497605248 |
| 52 | മണ്ണേങ്ങാനം | രജനി പി. | 9444427249 |
| 53 | ലാലൂർ | സ്മിതമോൾ | 9946126141 |
| 54 | ഗുരുപുരം | അജിത | 9400594175 |
| 55 | നേരംകാണാതടുക്കം | ഹൈമാവതി | 9539659488 |
| 56 | പോർക്കളം | അനിത | 8330828683 |
| 57 | പാൽക്കുളം | തങ്കമ്മ എം.എ. | 9744567586 |
| 58 | തട്ടുമ്മൽ | ലിൻസി | 9496701904 |
| 59 | ബേളൂർ | ലത | 9544412971 |
| 60 | പാറക്കല്ലിങ്കൽ | രാധ | 9495348789 |
| 61 | നായിക്കയംതട്ട് | സ്വപ്ന | 9496739462 |
| 62 | ചക്കിട്ടടുക്കം | സിന്ധു | 9562557048 |
| 63 | ചെന്തളം | സെലീന | 9544765649 |
| 64 | ആലടുക്കം | സുശീല | 9400684924 |
| 65 | അമ്പായത്തടി | ഉമിത | 9544229328 |
| 66 | ഓലക്കര | മറിയക്കുഞ്ഞി | 8075256900 |
| 67 | എരുമക്കുളം | ഷൈനി | 9747582464 |
| 68 | ഉദയപുരം | സരസ്വതി | 8848367620 |
| 69 | കോടോം | ശ്രീകല | 9847792145 |
| 70 | പാലപ്പുഴ | സുധ എൻ. | 9744696402 |
| 71 | അയറോട്ട് | പ്രീത എം. | 6238355087 |
| 72 | ചുള്ളിക്കര | സരോജിനി | 9846304378 |

## ആശാവർക്കർമാരുടെ വിവരങ്ങൾ

| ക്രമ നം | പേര് | വാർഡ് | ഫോൺ |
|---|---|---|---|
| 1 | പ്രിയ പി വി | 1 | 9747915610 |
| 2 | ശാരദ രാമൻ | 1 | 9846073410 |
| 3 | ഡിജി ടി കെ | 2 | 9846877096 |
| 4 | പ്രമീള എൻ | 2 | 9847931801 |
| 5 | രാധാമണി എ | 3 | 9847251810 |
| 6 | ഷീല കൃഷ്ണൻ | 4 | 9048596568 |
| 7 | മോളിക്കുട്ടി | 5 | 9847776013 |
| 8 | സുനിത | 6 | 9539680288 |
| 9 | ശ്രീദേവി ടി | 7 | 8078866879 |
| 10 | വിൻസി | 8 | 8921320608 |
| 11 | ഉഷ | 9 | 9744129095 |
| 12 | സഫീല | 9 | 8943772356 |
| 13 | മിനി | 10 | 9645369019 |
| 14 | പുഷ്പവല്ലി കെ | 11 | 8606451141 |
| 15 | തങ്കമണി കെ | 11 | 8086578215 |
| 16 | പത്മാവതി എം | 12 | 9947869335 |
| 17 | ശൈലജ വി പി | 13 | 9544115896 |
| 18 | ലളിത പി | 14 | 8547440556 |
| 19 | ശാന്ത | 15 | 9744086766 |
| 20 | രാധ | 16 | 9656061207 |
| 21 | ഉഷാകുമാരി ഇ കെ | 17 | 9497233843 |
| 22 | രോഹിണി കെ എം | 17 | 9526488427 |
| 23 | മിനി ഇ ബി | 18 | 9048865781 |
| 24 | രമണി ടി എം | 19 | 8943204669 |
| 25 | ചിത്രലേഖ പി | 20 | 9446536062 |
| 26 | ഉഷാകുമാരി എൻ പി | 21 | 9947165723 |

# കോടോം ബേളൂർ ഗ്രാമപഞ്ചായത്ത്

## ഹരിതകർമ്മ സേന അംഗങ്ങളുടെ വിവരങ്ങൾ

| ക്രമ നം | പേര് | വാർഡ് | ഫോൺ |
|---|---|---|---|
| 1 | നളിനി കെ | 1 | 8606691264 |
| 2 | ഭവിത പി വി | 1 | 9526608949 |
| 3 | ധന്യ എ | 2 | 9645387853 |
| 4 | പ്രിയ എം പി | 2 | 8547162696 |
| 5 | ബിന്ദു വി | 3 | 8606758122 |
| 6 | ലീലാമണി | 3 | 6282044652 |
| 7 | രജനി | 4 | 9544427636 |
| 8 | സരോജിനി | 4 | 9947175901 |
| 9 | മഞ്ജു | 5 | 7592811926 |
| 10 | ശൈലജ | 5 | 7593059691 |
| 11 | ബാലാമണി | 6 | 9495081912 |
| 12 | ജാനകി | 6 | 6282528468 |
| 13 | ബിന്ദു എം എസ് | 7 | 9590216483 |
| 14 | രമ്യ | 7 | 6238278493 |
| 15 | ഇന്ദിര | 8 | 9605018021 |
| 16 | ഗൌരി | 8 | 8547046894 |
| 17 | നളിനി എ | 8 | 9645412872 |
| 18 | ആതിരകൃഷ്ണൻ | 9 | 8943260757 |
| 19 | ശശികല വി വി | 9 | 8281958909 |
| 20 | പ്രസീത ആർ കെ | 10 | 7907846304 |
| 21 | ബാലാമണി | 10 | 9435181912 |
| 22 | ജോബി ടി ജെ | 11 | 8075814594 |
| 23 | രമ്യ | 11 | 6238278493 |
| 24 | കാർത്യായനി കെ | 12 | 9061728499 |
| 25 | നിത്യ | 12 | 8078308752 |
| 26 | അനിത | 13 | 9446256832 |
| 27 | കല്യാണി | 13 | 9526623734 |

| | | | |
|---|---|---|---|
| 28 | യമുന കെ | 14 | 9605804241 |
| 29 | സിന്ധു | 14 | 9961501970 |
| 30 | ജൂലി | 15 | 9747914823 |
| 31 | ശാലിനി | 15 | 9961033783 |
| 32 | ശോഭന | 16 | 8606786626 |
| 33 | സോണിയ | 16 | 7012222525 |
| 34 | സിനിമോൾ ബി | 17 | 9495212742 |
| 35 | സിന്ധു രാജഗോപാൽ | 17 | 9446956857 |
| 36 | തങ്കമണി | 18 | 8943574247 |
| 37 | ബിന്ദു | 18 | 9446896658 |
| 38 | ജിഷ | 19 | 9746770247 |
| 39 | രജിത | 19 | 9495434035 |
| 40 | സിന്ധു സുരേഷ് | 19 | 7025512098 |
| 42 | സൈനബ | 19 | 9847276457 |

# പാഴ്‌വസ്തു ശേഖരണ കലണ്ടർ - 2026-2027

**എല്ലാത്തരം പ്ലാസ്റ്റിക്കും, പ്ലാസ്റ്റിക് കുപ്പിയും, എല്ലാ മാസവും ശേഖരിക്കുന്നതാണ്.**

| മാസം | ശേഖരിക്കേണ്ട മാലിന്യത്തിന്റെ തരം |
|---|---|
| | |
| ജനുവരി | തുണി മാലിന്യം |
| ഫെബ്രുവരി | ഇ - വേസ്റ്റ് + പേപ്പർ |
| മാർച്ച് | ആപത്കരമായ ഇ മാലിന്യങ്ങൾ (പിക്ചർ ട്യൂബ്, ബൾബ്, ട്യൂബ്) കണ്ണാടി |
| ഏപ്രിൽ | ചെരുപ്പ്, ബാഗ്, തെർമോക്കോൾ, തുകൽ കാർപ്പെറ്റ്, അപ്ഹോഴ്സറി വേസ്റ്റ്, (ഉപ യോഗശൂന്യമായ മെത്ത, തലയണ, പ്ലാസ്റ്റിക് പായ) |
| മെയ് | കുപ്പി, ചില്ലു മാലിന്യങ്ങൾ + തുണി മാലിന്യം |
| ജൂൺ | ഉപയോഗശൂന്യമായ വാഹന ടയർ |
| ജൂലൈ | ഇ - വേസ്റ്റ് |
| ആഗസ്റ്റ് | പോളിഎത്തിലിൻ (പ്രിന്റിംഗ് ഷീറ്റ്, സ്ക്രാപ്പ് ഇനങ്ങൾ |
| സെപ്റ്റംബർ | മരുന്ന് സ്ട്രിപ്പുകൾ, തുണി മാലിന്യം |
| ഒക്ടോബർ | ആപൽക്കരമായ ഇ - മാലിന്യങ്ങൾ (പിക്ചർ ട്യൂബ്, ബൾബ്, ട്യൂബ്) കണ്ണാടി |
| നവംബർ | ചെരുപ്പ്, ബാഗ്, തെർമോക്കോൾ, തുകൽ, |
| | (ഉപയോഗശൂന്യമായ മെത്ത, തലയണ, പ്ലാസ്റ്റിക് പായ |
| ഡിസംബർ | കുപ്പി, ചില്ലു മാലിന്യങ്ങൾ |

എന്റെ മാലിന്യം
എന്റെ
ഉത്തരവാദിത്വം

മാലിന്യം
വലിച്ചെറിയരുത്,
കത്തിക്കരുത്

കത്തിക്കുന്നതും
വലിച്ചെറിയുന്നതും
നിയമവിരുദ്ധം

കുടുംബശ്രീ

കേരളം
കർമപദ്ധതി

വിവരവകാശ നിയമം 2005

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ - ഗംഗ ജി.ആർ.

അപ്പലേറ്റ് അതോറിറ്റി - ബിജുക്കുട്ടൻ എം.എസ്.

# ഗ്രാമപഞ്ചായത്തുകളുടെ ചുമതലകൾ
# (166-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം

ഗ്രാമപഞ്ചായത്തുകൾക്ക് 27 അനിവാര്യ ചുമതലകളും 14 പൊതുവായ ചുമതലകളും മേഖലാടിസ്ഥാനത്തിൽ 19 ചുമതലകളും നിർവ്വഹിക്കേണ്ടതുണ്ട്.

കേരള പഞ്ചായത്ത് രാജ് നിയമം 166 വകുപ്പ് (1) -ാം ഉപവകുപ്പ് 3-ാം പട്ടിക

## എ. അനിവാര്യചുമതലകൾ

1. കെട്ടിട നിർമ്മാണം നിയന്ത്രിക്കുക
2. പൊതുസ്ഥലങ്ങൾ കയ്യേറ്റം ചെയ്യപ്പെടാതെ സംരക്ഷിക്കുക.
3. പരമ്പരാഗത കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കുക.
4. കുളങ്ങളും മറ്റു ജലസംഭരണികളും സംരക്ഷിക്കുക
5. ഗ്രാമപഞ്ചായത്തിന്റെ ചുമതലയിലുള്ള ജലമാർക്ഷങ്ങളും കനാലുകളും പരിരക്ഷിക്കുക.
6. ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കയ്യൊഴിയുകയും ചെയ്യുക, ദ്രവമാ ലിന്യം നീക്കം ചെയ്യുന്നത് ക്രമീകരിക്കുക.
7. പേമാരിമൂലമുണ്ടാകുന്ന വെള്ളം ഒഴുക്കിക്കളയുക.
8. പരിസ്ഥിതി ആരോഗ്യരക്ഷകമാക്കി സംരക്ഷിക്കുക
9. പൊതുമാർക്കറ്റുകൾ പരിപാലിക്കുക.
10. സാംക്രമിക രോഗവാഹികളെ നിയന്ത്രിക്കുക.
11. മൃഗങ്ങളുടെ കശാപ്പ്, മാംസം, മത്സ്യം, എളുപ്പത്തിൽ കേടുവരുന്ന മറ്റ് ഭക്ഷ്യവസ്തുക്കൾ എന്നിവയുടെ വിൽപ്പന മുതലായവ നിയന്ത്രിക്കുക
12. ഭക്ഷണ ശാലകളെ നിയന്ത്രിക്കുക
13. ഭക്ഷണത്തിൽ മായം ചേർക്കുന്നത് തടയുക.
14. റോഡുകളും മറ്റു പൊതുമുതലുകളും സംരക്ഷിക്കുക.
15. തെരുവ് വിളക്കുകൾ സ്ഥാപിക്കുകയും അവയെ പരിപാലിക്കുകയും ചെയ്യുക.
16. രോഗപ്രതിരോധ നടപടികൾ സ്വീകരിക്കുക.
17. രോഗപ്രതിരോധത്തിനും നിയന്ത്രണത്തിനുമായി ദേശീയതലത്തിലും സംസ്ഥാന തലത്തിലുമുള്ള തന്ത്രങ്ങളും പരിപാടികളും ഫലപ്രദമായി നടപ്പാക്കുക.
18. ശവപറമ്പുകളും ശ്മശാനങ്ങളും സ്ഥാപിക്കുകയും സംരക്ഷിക്കുകയും ചെയ്യുക.
19. അപകടകരവും അസഹ്യകരവുമായ വ്യാപാരങ്ങൾക്ക് ലൈസൻസ് നൽകുക.
20. ജനനവും മരണവും രജിസ്റ്റർ ചെയ്യുക.

21. കുളിക്കടവുകളും അലക്ക് കടവുകളും സ്ഥാപിക്കുക.
22. കടത്തുകൾ ഏർപ്പെടുത്തുക.
23. വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള താവളങ്ങൾ ഏർപ്പെടുത്തുക.
24. യാത്രക്കാർക്കായി വെയ്റ്റിംഗ് ഷെഡ്ഡുകൾ നിർമ്മിക്കുക.
25. പൊതുസ്ഥലങ്ങളിൽ മൂത്രപ്പുരയും, കക്കൂസും, കുളിസ്ഥലങ്ങളും ഏർപ്പെടുത്തുക.
26. മേളകളുടെയും ഉത്സവങ്ങളുടെയും നടത്തിപ്പ് ക്രമീകരിക്കുക.
27. വളർത്തുനായ്ക്കൾക്ക് ലൈസൻസ് നൽകുയും അലഞ്ഞു നടക്കുന്ന നായ്ക്കളെ ഇല്ലായ്മ ചെയ്യുക.

## ബി. പൊതുവായ ചുമതലകൾ

1. ആവശ്യ സ്ഥിതിവിവരകണക്കുകൾ ശേഖരിക്കുകയും കാലാനുസൃതമാക്കുകയും ചെയ്യുക.
2. സ്വാശ്രയ പ്രവർത്തകരെ സംഘടിപ്പിക്കുകയും കൂട്ടായ പ്രവർത്തനങ്ങളിൽ ഭാഗഭാക്കാക്കുകയും ചെയ്യുക.
3. മിതവ്യയം ശീലിക്കുന്നതിന് പ്രചരണപരിപാടികൾ സംഘടിപ്പിക്കുക.
4. മദ്യപാനം, മയക്കുമരുന്നുകളുടെ ഉപയോഗം, സ്ത്രീധനം, സ്ത്രീകളെയും കുട്ടികളെയും പീഡിപ്പിക്കൽ തുടങ്ങിയ സാമൂഹ്യ തിൻമകൾക്കെതിരെ ബോധവൽക്കരണം നടത്തുക.
5. വികസനത്തിന്റെ എല്ലാ ഘട്ടങ്ങളിലും പരമാവധി ജനപങ്കാളിത്തം ഉറപ്പുവരുത്തുക.
6. പ്രകൃതിക്ഷോഭമുണ്ടാകുമ്പോൾ ദുരിതാശ്വാസപ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
7. പരിസ്ഥിതി സംബന്ധിച്ച ബോധവൽക്കരണം നടത്തുകയും അതിന്റെ ഉന്നമനത്തിനായി പ്രാദേശിക പ്രവർത്തന പരിപാടികൾക്ക് പ്രേരണ നൽകുകയും ചെയ്യുക.
8. സഹകരണ മേഖല വികസിപ്പിക്കുക
9. സാമുദായിക ഐക്യം മെച്ചപ്പെടുത്തുക.
10. വികസനാവശ്യങ്ങൾക്ക് ഭൂമി സൗജന്യമായി വിട്ടുകൊടുക്കുന്നതുൾപ്പെടെ പണമായോ വസ്തുക്കളായോ പ്രാദേശികമായി വിഭവ സമാഹരണം നടത്തുക.
11. ദുർബല വിഭാഗങ്ങൾക്കിടയിൽ നിയമ ബോധവൽക്കരണം പ്രചരിപ്പിക്കുക.
12. സാമ്പത്തിക കുറ്റങ്ങൾക്കെതിരെ പ്രചാരണം നടത്തുക.
13. പാവപ്പെട്ടവരെ കേന്ദ്രീകരിച്ച് അയൽക്കൂട്ടങ്ങളും സ്വാശ്രയ സംഘങ്ങളും രൂപീകരിക്കുക
14. പൗരധർമ്മത്തെപ്പറ്റി ബോധവൽക്കരണം നടത്തുക.

## സി. മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ

1. **കൃഷി**
    1. തരിശുഭൂമികളും പ്രാന്ത പ്രദേശങ്ങളും കൃഷി ചെയ്യിപ്പിക്കുക.
    2. ഭൂമിയുടെ പരമാവധി ഉപയോഗം ഉറപ്പുവരുത്തുക
    3. മണ്ണ് സംരക്ഷണം
    4. ജൈവവള ഉൽപാദനം
    5. തടയണകൾ സ്ഥാപിക്കുക
    6. സഹകരണ കൂട്ടുകൃഷി സമ്പ്രദായം പ്രോത്സാഹിപ്പിക്കുക.

7. കൃഷിക്കാർക്കിടയിൽ സ്വാശ്രയ സംഘങ്ങൾ രൂപീകരിക്കുക
8. ഉദ്യാനകൃഷിയും പച്ചക്കറി കൃഷിയും പ്രോത്സാഹിപ്പിക്കുക
9. കാലിത്തീറ്റ വിള വികസനം
10. സസ്യസംരക്ഷണം
11. വിത്തുല്പാദനം
12. കൃഷിയിടങ്ങളിലെ യന്ത്രവൽക്കരണം
13. കൃഷിഭവനുകളുടെ നടത്തിപ്പ്

2. **മൃഗസംരക്ഷണവും ക്ഷീരോൽപാദനവും**

1. കന്നുകാലി വികസന പരിപാടികൾ
2. ക്ഷീരോല്പാദനം
3. ആട്, മുയൽ, കോഴി,തേനീച്ച ഇവ വളർത്തുക
4. മൃഗാശുപത്രികൾ നടത്തുക
5. ഐ.സി.ഡി.പി. ഉപകേന്ദ്രങ്ങൾ നടത്തുക
6. മൃഗങ്ങൾക്കായുള്ള പ്രതിരോധ ആരോഗ്യപരിപാടികൾ
7. മൃഗങ്ങളോടുള്ള ക്രൂരത തടയുക
8. പ്രത്യുല്പാദന ക്ഷമതാ വികസന പരിപാടികൾ നടപ്പാക്കുക
9. മൃഗജന്യമായ രോഗങ്ങൾ നിയന്ത്രിക്കുക

3. **ചെറുകിട ജലസേചനം**

1. ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്തിനകത്ത് വരുന്ന എല്ലാ ചെറുകിട ജലസേചന പദ്ധതികളും പരിപാലിക്കുകയും നടപ്പാക്കുകയും ചെയ്യുക.
2. എല്ലാ സൂക്ഷ്മ ജലസേചന പദ്ധതികളും നടപ്പാക്കുകയും പരിപാലിക്കുകയും ചെയ്യുക.
3. ജലസംരക്ഷണം പ്രാവർത്തികമാക്കുക.

4. **മത്സ്യബന്ധനം**

1. കുളങ്ങളിലെ മത്സ്യസമ്പത്തിന്റെ വികസനവും ശുദ്ധജലത്തിലെയും ക്ഷാര ജലത്തിലെയും മീൻ വളർത്തലും സമുദ്ര വിഭവ വികസനവും നടപ്പാക്കുക
2. മത്സ്യകുഞ്ഞുങ്ങളുടെ ഉല്പാദനവും വിതരണവും വികസിപ്പിക്കുക.
3. മീൻപിടുത്തത്തിനുള്ള ഉപകരണങ്ങൾ വിതരണം ചെയ്യുക.
4. മത്സ്യ വിപണനത്തിനുള്ള സഹായം നൽകുക.
5. മത്സ്യതൊഴിലാളി കുടുംബങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ നൽകുക.
6. മത്സ്യതൊഴിലാളി ക്ഷേമപദ്ധതികൾ നടപ്പാക്കുക.

5 **സാമൂഹ്യ വനവൽക്കരണം**

1. കാലിത്തീറ്റയ്ക്കോ വിറകിനോ വേണ്ടിയുള്ള വൃക്ഷങ്ങളും ഫലവൃക്ഷങ്ങളും ഉൽപാദിപ്പിക്കുക.
2. വൃക്ഷം നട്ടുപിടിപ്പിക്കുന്നതിനും പരിസ്ഥിതി ബോധവൽക്കരണം നടത്തുന്നതിനുമായി പ്രചരണങ്ങൾ സംഘടിപ്പിക്കുക.
3. പാഴ്ഭൂമിയെ വനവൽക്കരിക്കുക

6. **ചെറുകിട വ്യവസായങ്ങൾ**

1. കുടിൽ-ഗ്രാമീണ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക.
2. കൈതൊഴിലുകൾ പ്രോത്സാഹിപ്പിക്കുക
3. പരമ്പരാഗതവും ചെറുതുമായ വ്യവസായങ്ങളെ വികസിപ്പിക്കുക

7. **ഭവന നിർമ്മാണം**

1. ഭവന രഹിതരേയും പുറമ്പോക്ക് നിവാസികളെയും കണ്ടെത്തി ഭവന നിർമ്മാണത്തിനായി ഭൂമിയും ഭവനങ്ങളും നൽകുക.
2. ഗ്രാമീണ ഭവനനിർമ്മാണ പദ്ധതികൾ നടപ്പാക്കുക
3. അഭയ കേന്ദ്രങ്ങളുടെ ഉദ്ധാരണ പരിപാടികൾ നടപ്പാക്കുക.

8. **ജലവിതരണം**

1. ഒരു ഗ്രാമപഞ്ചായത്തിനകത്തുള്ള ജലവിതരണ പദ്ധതികളുടെ നടത്തിപ്പ്
2. ഒരു ഗ്രാമപഞ്ചായത്തിനകത്തുള്ള ജലവിതരണ പദ്ധതികൾ സംവിധാനം ചെയ്യുക

9. **വിദ്യുച്ഛക്തിയും ഊർജ്ജവും**

1. നിരത്തുകളിൽ വിളക്കുകൾ സ്ഥാപിക്കുകയും പരിപാലിക്കുകയും ചെയ്യുക.
2. ജൈവവാതകത്തിന്റെ ഉപഭോഗം പ്രോത്സാഹിപ്പിക്കുക.

10. **വിദ്യാഭ്യാസം**

1. സർക്കാർ പ്രീപ്രൈമറി സ്കൂളുകളുടെയും പ്രൈമറി സ്കൂളുകളുടെയും നടത്തിപ്പ്.
2. സാക്ഷരതാ പരിപാടികൾ നടപ്പിലാക്കുക.
3. വായനശാലകളുടേയും ഗ്രന്ഥശാലകളുടേയും നടത്തിപ്പും പ്രോത്സാഹനവും.

11. **പൊതുമരാമത്ത്**

1. ഒരു ഗ്രാമ പഞ്ചായത്തിനുള്ളിലെ ഗ്രാമീണ റോഡുകൾ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുക.
2. സർക്കാരിൽ നിന്നും കൈമാറ്റം ചെയ്ത് കിട്ടിയതുൾപ്പെടെ ഉള്ള സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള കെട്ടിടനിർമ്മാണം നടത്തുക.

12. പൊതുജനാരോഗ്യവും ശുചീകരണവും

1. ഡിസ്പെൻസറികളും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും ഉപകേന്ദ്രങ്ങളും (എല്ലാത്തരം ചികിത്സാ സമ്പ്രദായങ്ങളിലും പെടുന്നവ) നടത്തുക.
2. മാതൃ-ശിശുക്ഷേമ കേന്ദ്രങ്ങൾ നടത്തുക.
3. രോഗവിമുക്തിയും മറ്റ് പ്രതിരോധ നടപടികളും നടത്തുക.
4. കുടുംബക്ഷേമ പ്രവർത്തനങ്ങൾ നടപ്പാക്കുക.
5. ശുചീകരണ പ്രവർത്തനങ്ങൾ നടപ്പാക്കുക.

13. സാമൂഹ്യക്ഷേമം

1. അംഗൻവാടികൾ നടത്തുക.
2. അഗതികൾക്കും, വിധവകൾക്കും, വികലാംഗർക്കും കർഷകത്തൊഴി ലാളികൾക്കുമുള്ള പെൻഷൻ അനുവദിക്കുകയും വിതരണം ചെയ്യുകയും ചെയ്യുക.
3. തൊഴിലില്ലായ്മ വേതനം അനുവദിക്കുകയും വിതരണം ചെയ്യുകയും ചെയ്യുക.
4. വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം അനുവദിക്കുക.
5. ദരിദ്ര്യ വിഭാഗങ്ങൾക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുക.

14. ദാരിദ്ര്യ നിർമ്മാർജ്ജനം

1. ദരിദ്രരെ കണ്ടെത്തുക.
2. പാവപ്പെട്ടവർക്ക് പ്രത്യേകിച്ച് സ്ത്രീകൾക്ക് സ്വയം തൊഴിലും സംഘം ചേർന്ന് തൊഴിൽ ചെയ്യുന്നതിനുള്ള പദ്ധതികളും നടപ്പാക്കുക.
3. പാവപ്പെട്ടവർക്ക് തുടർച്ചയായി മെച്ചംകിട്ടത്തക്ക തരത്തിൽ സാമൂഹ്യ ആസ്തികൾ ഉണ്ടാക്കുക.

15. പട്ടികജാതി-പട്ടികവർഗ്ഗ വികസനം

1. എസ്.സി.പി.റ്റി.എസ്.പി. ഇവയുടെ കീഴിൽ ഗുണഭോക്താക്കളെ ലക്ഷ്യമാക്കിയുള്ള പദ്ധതികൾ നടപ്പാക്കുക.
2. പട്ടികജാതി-പട്ടികവർഗ്ഗങ്ങൾക്കുവേണ്ടി നഴ്സറി സ്കൂളുകൾ നടത്തുക.
3. പട്ടികജാതി-പട്ടികവർഗ്ഗ വാസകേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക.
4. പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സഹായം നൽകുക.
5. പട്ടികജാതി-പട്ടികവർഗ വിദ്യാർത്ഥികൾക്ക് ആവശ്യമുള്ളപ്പോൾ വിവേചനാധിഷ്ഠിത സഹായം നൽകുക

## 16. കായികവിനോദവും സാംസ്കാരിക കാര്യങ്ങളും

1. കളിസ്ഥലങ്ങൾ നിർമ്മിക്കുക.
2. സാംസ്കാരിക നിലയങ്ങൾ സ്ഥാപിക്കുക.

## 17. പൊതുവിതരണ സമ്പ്രദായം

1. പൊതുവിതരണ സമ്പ്രദായം നടപ്പാക്കുന്നതിലുണ്ടാകുന്ന പരാതികൾ പരിശോധിക്കുകയും നിവാരണമാർക്ഷങ്ങൾ കണ്ടെത്തി നടപ്പാക്കുകയും ചെയ്യുക.
2. അളവു-തൂക്കങ്ങൾ സംബന്ധിച്ച കുറ്റങ്ങൾക്കെതിരായി പ്രചാരണം സംഘടിപ്പിക്കുക.
3. റേഷൻ കടകളുടെയും മാവേലി സ്റ്റോറുകളുടെയും നീതിസ്റ്റോറുകളുടെയും മറ്റ് പൊതു വിതരണ സമ്പ്രദായങ്ങളുടെയും പൊതുവായ മേൽനോട്ടവും മാർഗ്ഗനിർദ്ദേശവും, ആവശ്യമെങ്കിൽ പുതിയ പൊതുവിതരണ കേന്ദ്രങ്ങൾ ആരംഭിക്കുകയും ചെയ്യുക.

## 18. പ്രകൃതിക്ഷോഭ ദുരിതാശ്വാസം

1. ദുരിതാശ്വാസ കേന്ദ്രങ്ങൾ പരിപാലിക്കുക.
2 പ്രകൃതിക്ഷോഭവുമായി ബന്ധപ്പെട്ട പണികൾ നടത്തുക. ആസ്തികൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾ പരിഹരിക്കുന്ന ജോലി പഞ്ചായത്തുകൾ നിർവ്വഹിക്കേണ്ടതാണ്.

## 19. സഹകരണം

1. ഗ്രാമപഞ്ചായത്ത് അതിർത്തിക്കുള്ളിൽ സഹകരണ സംഘങ്ങൾ സംഘടിപ്പിക്കുക.
2. നിലവിലുള്ള സഹകരണസ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക.

## അധിക ചുമതലകൾ

**1. ലഹരിപദാർത്ഥങ്ങളുടെ വിൽപ്പന നിരോധനം**

ലഹരി പദാരത്ഥങ്ങളുടെ അമിത ഉപയോഗം പല മാരക അസുഖങ്ങൾക്കും കാരണമാകുന്ന സഹചര്യത്തിൽ പാൻമസാല തുടങ്ങിയ ലഹരി വസ്തുക്കളുടെ വിൽപ്പന പഞ്ചായത്തിനുള്ളിൽ നിരോധിക്കുന്നു.

# ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയ സ്ഥാപനങ്ങൾ
# (ഘടക സ്ഥാപനങ്ങൾ)

കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ അടിസ്ഥാനത്തിൽ വിവിധ വിഷയമേഖലകളിലായി ത്രിതല പഞ്ചായത്തുകൾ വൈവിധ്യമാർന്ന ചുമതലകളും ഉത്തരവദിത്വങ്ങലുടെ നിർവ്വഹിച്ചു വരികയാണ്. കൃഷി, വ്യവസായം, മൃഗസംരക്ഷണം, പൊതുജനാരോഗ്യം, വിദ്യാഭ്യാസം, അടിസ്ഥാന സൗകര്യ വികസനം എന്നിങ്ങനെ സമൂഹ്യ ജീവിതത്തിന്റെ എല്ലാ മേഖലകളുലും ഇടപെടുന്ന ഗ്രാമപഞ്ചായത്തുകളെ അതിന്റെ ചുമതലാ നിർവ്വഹണത്തിന് പ്രാപ്തമാക്കുന്നതിന് വേശി ഏതാനും സ്ഥാപനങ്ങൾ 1995 ലും തുടർന്നുള്ള വർഷങ്ങളിലും സർക്കാർ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്.

1. **കൃഷി വകുപ്പ്**- അതത് സ്ഥലത്തെ കൃഷി ഭവൻ
2. **മൃഗസംരക്ഷണ** വകുപ്പ്- അതാത് സ്ഥലത്തെ വെറ്റിനറി സബ്സെന്റർ, വെറ്റിനറി ഡിസ്പെൻസറി, വെറ്റിനറി ആശുപത്രി.
3. **ക്ഷീരവികസന** വകുപ്പ്- ഒരു ഡയറി എക്സ്റ്റൻഷൻ ഓഫീസർ തസ്തികയും അനുബന്ധ തസ്തികളും (ഈ യൂണിറ്റ് ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ ഏതെങ്കിലും ഒരു പഞ്ചായത്തിന് കൈമാറ്റം ചെയ്യേണ്ടുതും അത് ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ എല്ലാ ഗ്രാമപഞ്ചായത്തിലും പ്രവർത്തിക്കേണ്ടതുമാണ്.)
4. **ഗ്രാമവികസന** വകുപ്പ്- രണ്ട് വില്ലേജ് എക്സറ്റെൻഷൻ ഓഫീസർ തസ്തികകളും ഓഫീസും
5. **സാമൂഹ്യനീതി വകുപ്പ്**-അതാത് സ്ഥലത്തെ ഡെ-കെയർ സെന്ററുകളും അംഗൺവാടികളും
6. **പട്ടികജാതി വികസന വകുപ്പ്**- അതാത് സ്ഥലത്തെ ബാലവാടികൾ, ബാലവാടി കം ഫീഡിംഗ് സെന്റർ, സീസൺ ഡേകെയർ സെന്റർ, ഡോർമെറ്ററി
7. **പട്ടികവർഗ്ഗവികസന** വകുപ്പ്- അതാത് സ്ഥലത്തെ ബാലവാടികൾ, മെഡിക്കൽ യൂണിറ്റ്, നേഴ്സറി സ്കൂളുകൾ, മിഡ് വൈഫറി സെന്ററുകൾ, ആയുർവ്വേദ ഡിസ്പെൻസറികൾ
8. **ആരോഗ്യ** വകുപ്പ്- അതാത് സ്ഥലത്തെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, ഗവൺമെന്റ് ഡിസ്പെൻസറികൾ
9. **ആയുർവേദ** വകുപ്പ്- അതാത് സ്ഥലത്തെ ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി/ ആശുപത്രി
10. **ഹോമിയോ** വകുപ്പ്- അതാത് സ്ഥലത്തെ ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറി/ ആശുപത്രി
11. **വിദ്യാഭ്യാസ** വകുപ്പ്- അതാത് സ്ഥലത്തെ ഗവൺമെന്റ് ലോവർ പ്രൈമറി സ്ക്കുളുകൾ, അപ്പർ പ്രൈമറി സ്ക്കൂളുകൾ 01.01.2008 മുതൽ വന്ന തദ്ദേക സ്വയംഭരണ എഞ്ചിനിയറിംഗ് വിഭാഗമാണ് ഗ്രാമപഞ്ചായത്തു പണികളുടെ ചുമതല നിർവ്വഹിക്കുന്നത്.

# ഗ്രാമസഭ

ജനാധിപത്യത്തിന്റെയും അധികാര വികേന്ദ്രീകരണത്തിന്റെയും അടിസ്ഥാന ശിലയാണ് ഗ്രാമസഭ. ജനങ്ങൾക്ക് ഭരണത്തിൽ നേരിട്ട് പങ്കാളിത്തം ലഭിക്കുന്ന ഏക ഭരണ സംവിധാനമാണിത്. മഹാത്മാഗാന്ധി വിഭാവനം ചെയ്ത ഗ്രാമസ്വരാജ് എന്ന സങ്കൽപ്പം യാഥാർത്ഥ്യമാക്കുന്നതിനുള്ള ഒരു ഉപാധിയാണ് ഗ്രാമസഭ.

ഒരു പഞ്ചായത്തിന്റെ നിയോജക മണ്ഡലം അടിസ്ഥാനമാക്കിയാണ് ഗ്രാമസഭ രൂപീകരിച്ചിട്ടുള്ളത്. 941 ഗ്രാമപഞ്ചായത്തുകളിലായി 17337 ഗ്രാമസഭകളാണ് കേരളത്തിലുള്ളത്. ഒരു നിയോജക മണ്ഡലത്തിലെ മുഴുവൻ സമ്മതിദായകരും ആ ഗ്രാമസഭയിലെ അംഗങ്ങളാണ്. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് അംഗമാണ് ഗ്രാമസഭ കൺവീനർ. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായിരിക്കും. ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ അഭാവത്തിൽ വൈസ് പ്രസിഡന്റ് അദ്ധ്യക്ഷത വഹിക്കും. ഇവർ രണ്ടുപേരുടെയും അഭാവത്തിൽ ഗ്രാമസഭ കൺവീനറാണ് അദ്ധ്യക്ഷനാകേണ്ടത്. ഗ്രാമസഭ ഉൾക്കൊള്ളുന്ന പ്രദേശത്തെ പ്രതിനിധാകരിക്കുന്ന ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് അംഗങ്ങളേയും നിയമസഭാ അംഗത്തെയും നിർബന്ധമായും ഗ്രാമസഭ കൺവീനർ ക്ഷണിക്കേണ്ടതാണ്.

ആകെ ഗ്രാമസഭകളുടെ 10 ശതമാനമാണ് ക്വാറം. 10 ശതമാനത്തിലധികം സമ്മതിദായകർ രേഖാമൂലം ആവശ്യപ്പെട്ടാൽ രണ്ട് സാധാരണ യോഗങ്ങൾക്കിടയിൽ ഒരു പ്രത്യേക യോഗവും ചേരേണ്ടതുണ്ട്. ഗ്രാമസഭകളുടെ ശുപാർശകൾക്കും നിർദ്ദേശങ്ങൾക്കും ത്രിതല പഞ്ചായത്തുകൾ അർഹമായ പരിഗണന നൽകേണ്ടതാണ്. ഗ്രാമസഭകൾക്ക് പ്രത്യേക ചുമതലകളും നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. വിവിധ ക്ഷേമ പദ്ധതികൾക്കുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള ചുമതല ഗ്രാമസഭകൾക്കാണ്. ഗ്രാമസഭ തയ്യാറാക്കുന്ന ഗുണഭോക്തൃ ലിസ്റ്റിലോ മുൻഗണന ക്രമത്തിലോ മാറ്റം വരുത്താൻ പാടില്ല. ഗ്രാമസഭയിലൂടെയാണ് ഗ്രാമപഞ്ചായത്തുകളുടെ പദ്ധതികൾ ഉരുത്തരിയുന്നത്. പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും മൂല്യ നിർണ്ണയത്തിലും ഗ്രാമസഭകൾക്ക് നിർണ്ണായകമായ സ്ഥാനം നിയമ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതിനാൽ ഗ്രാമസഭകൾക്ക് പഞ്ചായത്തുകളെ ഗുണകരമായും മാതൃകാപരമായും നയിക്കാൻ കഴിയും.